



# കണിക്കൊന്ന

സർട്ടിഫിക്കറ്റ് കോഴ്സ്

3

കേരള സർക്കാർ

Printed and published by
Director, Malayalam Mission
Department of Cultural Affairs, Government of Kerala
Printed at KBPS, Kochi




# കണിക്കൊന്ന

## സർട്ടിഫിക്കറ്റ് കോഴ്സ്

ഭാഗം 3

സാംസ്കാരികകാര്യ വകുപ്പ്
കേരള സർക്കാർ
2020









**കണിക്കൊന്ന**

പ്രവാസിമലയാളികൾക്കുള്ള
സർട്ടിഫിക്കറ്റ് കോഴ്സ് പാഠപുസ്തകം (ഭാഗം 3)

**മലയാളം**

ഫെബ്രുവരി 2021 : ആദ്യപ്രസിദ്ധീകരണം (പരിഷ്കരിച്ചത്)

തയാറാക്കിയത് : മലയാളം മിഷൻ റിസോഴ്സ് ഗ്രൂപ്പ്
ലേ-ഔട്ട് : അജയ്‌ലാൽ പി.പി.
ഇലസ്ട്രേഷൻ : വെങ്കിടാചലം
അച്ചടി : കേരളാ ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി, കാക്കനാട്, കൊച്ചി

കോപ്പി - 5000 (സൗജന്യ വിതരണത്തിന്)

©
മലയാളം മിഷൻ
സാംസ്കാരികകാര്യ വകുപ്പ്, കേരള സർക്കാർ

# ഇതളുകൾ




1

പറന്നുവന്ന വിരുന്നുകാരി .... 4



2

മഴയോട് മഴ .... 18



3

വീണ്ടും വരാം .... 34



4

പൂക്കാലച്ചന്തം .... 46



## ഇതൾ 1

# പറന്നുവന്ന വിരുന്നുകാരി

ചെമ്പോത്ത് : കുയിലമ്മേ, കുയിലമ്മേ
ആരാണവിടെ
ഒറ്റയ്ക്കിരിക്കുന്നത്?

കുയിലമ്മ : ഇവിടെയെങ്ങുമുള്ള ആരുമല്ല.
ഞാനൊന്നു ചെന്നു നോക്കാം



കുയിലമ്മ തിരിച്ചുവന്നു.
പക്ഷിയെക്കുറിച്ച് പറയാൻ തുടങ്ങി.

തലയിൽ കൂർത്ത തൊപ്പി.
നീണ്ട വാല്.
കഴുത്തും തലയും കരിനീലനിറം.
അടിവശം വെളുപ്പ്.
ചിറകും വാലുമെല്ലാം ഇളം തവിട്ടുനിറം.
കാണാൻ നല്ല ചേല്.

കേട്ടപ്പോൾ എല്ലാവർക്കും കാണാൻ കൊതിയായി.

ചെമ്പോത്ത് :

നീയാരാണ്? ഇവിടെയൊന്നും
കണ്ടിട്ടില്ലല്ലോ?

നാകമോഹൻ കിളി :

ഞാൻ കൂട്ടുകാരോടൊത്ത്
ഹിമാലയത്തിൽ നിന്ന്
വന്നതാണ്.  ഞങ്ങൾ കൂട്ടമായി
വന്നതാണ്. പറന്നു പറന്നെന്റെ
ചിറകു കുഴഞ്ഞു.
കൂട്ടുകാരെല്ലാം പോയി.
ഞാൻ തനിച്ചായി.



കാക്കച്ചി : ഓ.... ഇതു നമ്മുടെ
നാകമോഹൻ കിളി.

കുയിലമ്മ : മഞ്ഞുമലയിലെ
തണുതണുപ്പിൽ
വിറ വിറച്ചോ നീ?
ചൂടുതേടി വെയിലുകായാൻ
വന്നതാണോ നീ ?



മഞ്ഞക്കിളി : ഇപ്പോളിവിടെ വേനലാണ്.
എന്നാൽ ഞങ്ങൾക്കുമുണ്ട്
ഒരു മഞ്ഞുകാലം.

നീലപ്പൊന്മാൻ : കുഞ്ഞാറ്റക്കിളി കുഞ്ഞാറ്റക്കിളി
നീ പാടാറുള്ള ആ പാട്ടൊന്നു
കേൾക്കട്ടെ

## മഞ്ഞുകാല അനുഭവത്തെക്കുറിച്ച്
## നാകമോഹൻ കിളി എന്തെല്ലാം പറഞ്ഞിരിക്കും

രാവും പകലും മഞ്ഞുപെയ്യും

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................



കുഞ്ഞാറ്റക്കിളി: ധനുമാസക്കുളിരുകോരി
പുലരിയെത്തുമ്പോൾ
ചിറകുവീശി കുളിരകറ്റി
ഇരകൾ തേടും നാം
മകരമഞ്ഞു പുതപുതച്ചൊരു
പുലരിയെത്തുമ്പോൾ
വെയിലു കായാൻ
കൊതികൊതിച്ചൊരു
പാട്ടു തീർക്കും നാം

നീലപ്പൊന്മാൻ : എന്തൊരു വെയില്.
പുറം പൊള്ളുന്നു. ഞാനാ
പൊയ്കയിലൊന്നു മുങ്ങിവരാം.

കിളികൾ : *(ഒന്നിച്ച്)*
ഞങ്ങളും വരാം.

നാകമോഹൻ : ഞാനും വരാം.



"സന്ധ്യയായി. കളിയും കുളിയും മതി"
- ചെമ്പോത്ത് പറഞ്ഞു

"ശരി" - എല്ലാവരും സമ്മതിച്ചു.



## കുഞ്ഞിക്കോഴിയുടെ മോഹം

കുഞ്ഞിക്കോഴിക്ക് ഊഞ്ഞാൽ ആടാൻ മോഹം.

'നിനക്കതിന് കഴിയുമോ'

- കുഞ്ഞാറ്റക്കുരുവി ചോദിച്ചു.

'കഴിയും' - കുഞ്ഞിക്കോഴി പറഞ്ഞു.

'ഊഞ്ഞാലിൽനിന്ന് വീഴാതെ നോക്കണേ'

- മഞ്ഞക്കിളി പറഞ്ഞു.



കുഞ്ഞിക്കോഴി ഊഞ്ഞാലിൽ വലിഞ്ഞുകയറി.
ഊഞ്ഞാൽ ഉയർന്നുപൊങ്ങി.

'അയ്യോ.....'
കരച്ചിൽ കേട്ട് എല്ലാവരും പാഞ്ഞുവന്നു.

എന്നിട്ടോ

**'ഞ്ഞ' വരുന്ന കൂടുതൽ വാക്കുകൾ എഴുതൂ.**

കരഞ്ഞു .................................. ..................................

..................................

..................................





## വായിക്കാം രസിക്കാം

പണ്ട്, പണ്ട്
ഉണ്ടനും ഉണ്ടിയും വെണ്ട നട്ടു
വെണ്ട നീണ്ടുനീണ്ട് മാനംമുട്ടി
മണ്ടയിൽ കേറി വെണ്ട പറിക്കണം
"ആരുണ്ട്, ആരാരുണ്ട്?"
അവർ ചെണ്ട കൊട്ടി നാടുതെണ്ടി
കണ്ടോ കണ്ടോ
ഉണ്ടുണ്ണി മണ്ടി മണ്ടി വരുന്നുണ്ട്

## 'ണ്ട' വരുന്ന വാക്കുകൾ എഴുതാം

................................................ ................................................

................................................ ................................................

................................................ ................................................

## ഈ വാക്കുകൾ ഉപയോഗിച്ച് ഒരു ചെറു ഖണ്ഡിക എഴുതൂ.

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

## ചൊല്ലി രസിക്കാം

### വെയിലും കുയിലും

എന്തൊരു വെയിലിതു കുയിലമ്മേ
എന്തൊരു ചൂടിതു ചങ്ങാതി
കൂനിക്കൂടിയിരുന്നാലോ
പാടിപ്പാറി പോകരുതോ
മലരുകൾ നീളെ കരിഞ്ഞെന്നോ
മാന്തളിരുണ്ണാനില്ലെന്നോ
പുതുമഴ പെയ്യാറായെന്നോ
മഴമുകിലൊഴുകി വരുന്നെന്നോ



## എനിക്കു കഴിയും

- വേനൽക്കാലത്തെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

- പരിചിതമായ ഒരു പക്ഷിയെക്കുറിച്ച് വിവരണം തയാറാക്കൂ.

## ഇതൾ 2

# മഴയോടു മഴ

**കിളികൾ മാനത്തു കാണുന്ന രൂപങ്ങൾ എന്തെല്ലാമാണ്?**

'നല്ല മഴക്കാറുണ്ട്. എന്തായാലും മഴപെയ്യും' - കുയിലമ്മ ആകാശത്തേക്ക് നോക്കി പറഞ്ഞു.

'ശരിയാ, മാനം കണ്ടില്ലേ? കറുത്തിരുണ്ടിരിക്കുന്നു'

'മഴ പെയ്തോട്ടെ. ഇടിയും മിന്നലും ഇല്ലാതിരുന്നാൽ മതി'





‘നിനക്ക് ഇടിയും മിന്നലും പേടിയാണല്ലേ.
ചെമ്പോത്തേ?’ – വേലിത്തത്ത കളിയാക്കി.

‘നിങ്ങളാരും ബഹളം കൂട്ടേണ്ട. മഴ പെയ്യട്ടെ.
മഴ പെയ്താലേ തോടും പുഴയും നിറയൂ.’ –
കാക്ക പറഞ്ഞു.

‘കാക്ക പറഞ്ഞത് ശരിയാണ്. വെള്ളമുണ്ടായാലേ
ചെടികളും മരങ്ങളും വളരൂ’ എങ്കിലല്ലേ നമുക്കെല്ലാം
ആഹാരം കിട്ടൂ.’ –
കുയിലമ്മ കാക്കയെ നോക്കി പറഞ്ഞു.



## പാടി രസിക്കാം

മഴ മഴ മഴ മഴ  മഴ വന്നൂ
മാനത്തൂന്നൊരു മഴ വന്നൂ
മലയുടെ മുകളിൽ തങ്ങാതെ
മാളിക മുകളിൽ തങ്ങാതെ
മഴ മഴ മഴ മഴ  മഴ വന്നൂ
കിളികൾക്കുത്സവമായ് വന്നൂ

- കുഞ്ഞുണ്ണി





## 'തങ്ങാതെ' ചേർത്ത് വരികൾ പാടാമോ?

മലയുടെ മുകളിൽ തങ്ങാതെ

മാളിക മുകളിൽ തങ്ങാതെ

..............................................................................................

..............................................................................................

..............................................................................................

..............................................................................................

മഴ മഴ മഴ മഴ  മഴ വന്നു.



കുയിലമ്മ : ഞാനും ഒരു മഴപ്പാട്ട് പാടാം.

“ഇടവം വന്നേ ഇടമുറിയാതെ
ഇടവപ്പാതിപ്പെരുവെള്ളം!
മിഥുനം വന്നൂ മുറ്റം നിറയെ
പെയ്തു നിറഞ്ഞേ മഴവെള്ളം
കർക്കിടകത്തിൽ കരിമേഘക്കലി
കലപിലകൂട്ടും മഴമേഘം
ചിങ്ങത്തിൽ മഴ ചന്നം പിന്നം
ചിന്നി ചിണുങ്ങി പെയ്യുന്നെ
കന്നിയിലുണ്ടേ നാണംകൊണ്ടു
കുണുങ്ങിപ്പെയ്യും കന്നിമഴ
തുരുതുരെ ഇടിയുടെ പടമേളത്തിൽ
തുള്ളിത്തുള്ളി തുലാമഴ”

*- മധു ആലപ്പറമ്പ്*



ഇടവത്തിൽ പെയ്ത മഴ എങ്ങനെയാണ്?

..............................................................................................

ചിങ്ങമഴ പെയ്യുന്നതെങ്ങനെ?

..............................................................................................

ഏതുമാസത്തിലെ മഴയാണ് കൂടുതലിഷ്ടം?

..............................................................................................

## മഴയില്ലെങ്കിൽ

മഴയില്ലെങ്കിൽ മരമില്ല

മഴയില്ലെങ്കിൽ ..............................................

..............................................................................

..............................................................................





‘കൂട്ടരേ എനിക്ക് ഒരു കാര്യം പറയാനുണ്ട്’ –
അങ്കവാലൻ പൂങ്കോഴി എല്ലാവരോടുമായി പറഞ്ഞു.
അങ്കവാലന്റെ വാക്കുകൾക്ക് എല്ലാവരും കാതോർത്തു.
‘മഴ കൂടിയാലും കുറഞ്ഞാലും കുഴപ്പം തന്നെ’
‘ഹ... ഹ... ഹ...’ ചുറ്റും നിന്നവരെല്ലാം ഉറക്കെ ചിരിച്ചു.

‘ഇതാണോ ഇത്ര വലിയ കാര്യം’ –
അവർ അങ്കവാലനെ കളിയാക്കി.
‘കളിയാക്കണ്ട. ഞാൻ പറഞ്ഞതിൽ കാര്യമില്ലേ.’
ആലോചിച്ചു നോക്കൂ.’

കുയിലമ്മ : ചങ്ങാതീ, ഞങ്ങളുടെ നാട് നിനക്കിഷ്ടപ്പെട്ടോ?

പനന്തത്ത : ഇവിടെ നീ എന്തെല്ലാമാണ് കണ്ടത്?

നാകമോഹൻ കിളി : മല കണ്ടു, പുഴ കണ്ടു,
കാടു കണ്ടു മേടു കണ്ടു,
തോടു കണ്ടു, പാടം കണ്ടു,
കായൽ കണ്ടു, കടലു കണ്ടു.



## എത്ര മഴച്ചൊല്ലുകൾ അറിയാം?


തിരുവാതിര തിരിമുറിയാതെ

.............................................................................................

.............................................................................................

.............................................................................................

.............................................................................................



**മഴക്കാലത്ത് മഴ വേണം.**

**പക്ഷെ മഴ കൂടിയാലോ?**

പുഴ നിറയും, പാടം നിറയും


.......................................................................................

.......................................................................................

.......................................................................................

.......................................................................................

നാട് പ്രളയത്തിൽ മുങ്ങും



**മലയാള മാസങ്ങൾ ക്രമത്തിലെഴുതാമോ?**

| | |
|---|---|
| ചിങ്ങം | |
| | |
| | |
| | |
| | |
| | |

## എനിക്കു കഴിയും

**സ്വന്തമായി ഒരു മഴപ്പാട്ട് എഴുതി നോക്കൂ.**

........................................................................................................

........................................................................................................

........................................................................................................

........................................................................................................

........................................................................................................

........................................................................................................

........................................................................................................

........................................................................................................

........................................................................................................



പ്രളയത്തിൽ എന്തെല്ലാം കഷ്ടപ്പാടുകളാണ്
നാം അനുഭവിക്കുന്നത്. അതേക്കുറിച്ച് എഴുതി നോക്കൂ.

## മഴമേഘമാവാൻ കൊതിച്ച്

ഉണ്ണിക്കുട്ടി കരച്ചിൽ തുടങ്ങി.

അവൾക്ക് അമ്മിഞ്ഞ വേണം.

'കരയാതെ മോളേ. അമ്മ ഇപ്പോൾ വരും.' – മണിക്കുട്ടൻ അനിയത്തിയെ വാരിയെടുത്തു.

അമ്മ കുടവുമായി പോയതാണ്.
മുറ്റത്തെ കിണർ എന്നേ വറ്റി.
പുഴയുടെ മണലിൽ തീർത്ത കുഴിയിൽ
ഊറുന്ന വെള്ളമാണ് ശരണം.





അച്ഛൻ പാടവരമ്പിൽ നിൽപ്പാണ്. മുന്നിൽ കരിഞ്ഞുണങ്ങിയ കായ്കറി വള്ളികൾ. മണിക്കുട്ടൻ അനിയത്തിയേയുമെടുത്ത് മുറ്റത്തിറങ്ങി. ചുട്ടു പൊള്ളുന്ന വെയിലിൽ തൊടിയിലെ വാഴകളെല്ലാം വാടി ഒടിഞ്ഞിരിക്കുന്നു.

ഒരു മഴക്കാറായി മാറണം
മാനത്തേക്ക് കുതിക്കണം
മഴയായി തിമിർത്തു പെയ്യണം
ഉണ്ണിക്കുട്ടൻ കൊതിച്ചു.

## ഇതൾ 3

# വീണ്ടും വരാം

“കൂട്ടുകാരേ, പറന്നുപോകല്ലേ.
ഞാൻ ഇവിടെയുണ്ടേ.” – നാകമോഹൻ
മേലോട്ട് നോക്കി ഉറക്കെ വിളിച്ചുപറഞ്ഞു.

“എവിടെ, എവിടെ?”

മേലെനിന്നും കൂട്ടുകാർ ചോദിച്ചു:

നാകമോഹൻ: “ഇവിടെ ഇവിടെ”

കൂട്ടുകാർ പറന്നിറങ്ങി. എല്ലാവരും
നാകമോഹൻ കിളിയെ കെട്ടിപ്പിടിച്ചു.
ചിറകുകൊണ്ടും കൊക്കുകൊണ്ടും ഉരുമ്മി നിന്നു.





“ചങ്ങാതീ നീ എങ്ങിനെയാണ്
കൂട്ടം തെറ്റിയത്?”

“പറന്നു പറന്ന് ചിറകു തളർന്നു. ക്ഷീണം
തീർക്കാൻ കീഴെ കണ്ട പാറയുടെ
മുകളിലിരുന്നു. അറിയാതെ ഉറങ്ങിപ്പോയി.
കൺതുറന്നപ്പോൾ നിങ്ങളില്ല.”
നാകമോഹൻ മറുപടി പറഞ്ഞു.

“ഭാഗ്യം നിന്നെ വീണ്ടും കണ്ടുമുട്ടിയല്ലോ”

“ഞങ്ങളില്ലാതെ നീ വല്ലാതെ വലഞ്ഞോ?”

“ഇല്ല. എനിക്കിവിടെ നിറയെ കൂട്ടുകാരെ കിട്ടി.

“ശരി, ശരി തിരിച്ചുപോകാൻ നേരം വൈകുന്നു”
- കിളികൾ ധൃതി കൂട്ടി.

“നിൽക്ക്, ഞാനെന്റെ കൂട്ടുകാരോട് യാത്രപറയട്ടെ.”
നാകമോഹൻ കെഞ്ചി.

“എന്റെ കൂട്ടുകാർ എത്തി
എനിക്കു തിരിച്ചു പോകണം”
- നാകമോഹൻ സങ്കടത്തോടെ പറഞ്ഞു.









"കൂട്ടുകാരാ നിനക്ക് ഇവിടെ നിന്നും
പോകാതിരുന്നു കൂടേ?
- പനന്തത്ത സങ്കടത്തോടെ ചോദിച്ചു.

"അതെങ്ങനെ അവന്റെ നാട് അങ്ങ് വടക്കല്ലേ"
- കാക്കച്ചി വിഷമത്തോടെ പറഞ്ഞു.

"അതെ എനിക്കു പോയേ പറ്റൂ." - നാകമോഹൻ പറഞ്ഞു.

"അവിടെ എത്തിയാലുടനെ കത്തയക്കണേ?" -
കുയിലമ്മ ഓർമ്മിപ്പിച്ചു.

കിളികൾ നാകമോഹൻ കിളിയെ കെട്ടിപ്പിടിച്ച്
ഉമ്മവച്ചു. നാകമോഹൻ വിതുമ്പി.

"അടുത്ത വർഷം വീണ്ടും വരാം. റ്റാ റ്റാ"

നാകമോഹൻ പറന്നകന്നു.
അവൻ ആകാശപ്പരപ്പിൽ പറന്നു മറയുന്നത്
അവർ നോക്കിനിന്നു.

## ആശയം കണ്ടെത്താം

| | | |
|---|---|---|
| പോയേ പറ്റൂ | - | പോവാതിരിക്കാൻ കഴിയില്ല |
| വന്നേ പറ്റൂ | - | ........................................ |
| .................... | - | ........................................ |
| .................... | - | ........................................ |

## കൂട്ടിച്ചേർക്കാം

പുതിയ പുതിയ
വീണ്ടും വീണ്ടും
ആടിയാടി


..........................................................................

..........................................................................

..........................................................................

..........................................................................


**കൂട്ടുകാർ യാത്രപറയുന്ന രംഗം അഭിനയിച്ചുനോക്കൂ.**



## ഇവരാണെന്റെ കൂട്ടുകാർ









### ചിത്രം നോക്കി പേരെഴുതൂ







## ഹിമാലയത്തിൽനിന്നൊരു കത്ത്

ഹിമാലയം

01.01.2020

പ്രിയപ്പെട്ട കൂട്ടുകാരേ,

ഞങ്ങൾ ഇവിടെയെത്തി. നിങ്ങളെ പിരിഞ്ഞതിൽ സങ്കടമുണ്ട്. മാമ്പഴക്കാലം കഴിഞ്ഞുവോ? കുയിലമ്മയും കാക്കച്ചിയും എന്തുപറയുന്നു? എല്ലാവർക്കും സുഖമല്ലേ? വരുന്നവർഷം വീണ്ടും കാണാം.

എന്ന്,

സ്വന്തം കൂട്ടുകാരി

(ഒപ്പ്)



## നാകമോഹൻ കിളിക്ക് ഒരു മറുപടി എഴുതിയാലോ?

കേരളം

തീയതി:....................

പ്രിയപ്പെട്ട കൂട്ടുകാരീ,

കത്തു കിട്ടി. ..............................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................



..........................................................................

എന്ന്,

സ്വന്തം ചങ്ങാതി

## എനിക്ക് കഴിയും

**നിങ്ങൾ കേരളത്തിൽവന്ന് തിരിച്ചുപോവുകയാണെന്ന് സങ്കൽപ്പിക്കൂ. മുത്തശ്ശനോടും മുത്തശ്ശിയോടും യാത്രപറയുന്ന രംഗം സംഭാഷണമായി എഴുതൂ.**

## വിരുന്നുവരുന്ന പക്ഷികൾ

**നാകമോഹനെക്കൂടാതെ മറ്റേതെങ്കിലും ദേശാടനക്കിളികളെക്കുറിച്ച് അന്വേഷിക്കൂ. ഏതെങ്കിലും ഒരു പക്ഷിയെക്കുറിച്ച് ഒരു വിവരണം എഴുതൂ.**

## വായിക്കാം രസിക്കാം

### വയനാട്ടിലേക്കൊരു യാത്ര

വണ്ടി ചുരം കയറുകയാണ്.

ഒന്ന്... രണ്ട്... മൂന്ന്... നാല്....

ഓരോ ഹെയർപിൻ വളവുകളും ഞാനും ഋതുനന്ദയുംഎണ്ണിക്കൊണ്ടിരുന്നു. ഇത് ഒൻപതാമത്തെ ഹെയർപിൻ വളവാണ്. ഈ ചുരത്തിലെ അവസാനത്തെ വളവ്.

“ഇവിടെ ഇറങ്ങിയാൽ മനോഹരമായ കാഴ്ചകൾ കാണാം’. - ബാബുമാഷ് എല്ലാവരോടുമായി പറഞ്ഞു.

എല്ലാവരും ബസ്സിൽനിന്നിറങ്ങി. ഋതുനന്ദ ഷാൾകൊണ്ട് ചെവി മൂടി. എന്തൊരു തണുപ്പ്.



മരങ്ങൾക്ക് മുകളിലൂടെ ഒഴുകിവരുന്ന കോടമഞ്ഞ് കൈകൊണ്ട് വാരിയെടുക്കാം. എന്തുസുഖം.

താഴേക്ക് നോക്കിയപ്പോൾ ഞങ്ങൾ കയറിവന്ന എല്ലാ വളവുകളും ഒരു മലമ്പാമ്പുപോലെ വളഞ്ഞുപുളഞ്ഞു കാണാം. ഇരുവശത്തും നീലകലർന്ന പച്ചനിറത്തിൽ കാടുകൾ.

ഞങ്ങളെ കണ്ടപ്പോൾ കുരങ്ങന്മാരുടെ കൂട്ടം അടുത്തുവന്നു. തള്ളക്കുരങ്ങന്റെ വയറ്റിൽ അള്ളിപ്പിടിച്ചു നിൽക്കുന്ന ഒരു കുഞ്ഞു കുരങ്ങൻ.

വയനാട്ടിലേക്കുള്ള യാത്ര ഇത്ര രസകരമായിരിക്കുമെന്ന് ഞങ്ങൾ കരുതിയിരുന്നില്ല.



## ഇതൾ 4


### പൂക്കാലച്ചന്തം



നാകമോഹൻ കിളിയും കൂട്ടുകാരും
ഹിമാലയത്തിൽ തിരിച്ചെത്തി.



എല്ലാവർക്കും ആഹ്ലാദം!
കേരളത്തിലെ വിശേഷങ്ങൾ അവർ പങ്കുവച്ചു.



“മലകളും പുഴകളും നിറഞ്ഞ നാടാണ് കേരളം”
നാകമോഹൻ പറഞ്ഞുതുടങ്ങി.
മറ്റെന്തെല്ലാമാണ് പറഞ്ഞിട്ടുണ്ടാവുക?

..........................................................................................

..........................................................................................

..........................................................................................

..........................................................................................



“കേരളത്തിലെ പൂക്കാലം കാണേണ്ട കാഴ്ചതന്നെയാണ്. അതിനെക്കുറിച്ച് എന്റെ കൂട്ടുകാർ പാടിത്തന്ന പാട്ടുകേൾക്കണോ?”

“കേൾക്കട്ടെ” - കൂട്ടുകാർ കാതുകൂർപ്പിച്ചു.

“പൂക്കുന്നിതാ മുല്ല പൂക്കുന്നിലഞ്ഞി
പൂക്കുന്നു തേന്മാവ് പൂക്കുന്നശോകം
വായ്ക്കുന്നു വേലിക്കു വർണങ്ങൾ പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾ പോലെ”

കൂട്ടുകാർ കൂടെ പാടി.



## പറയാം, എഴുതാം

### എത്ര പൂവിന്റെ പേരറിയാം

| | |
|---|---|
| റോസാപ്പൂ | |
| | |
| | |
| | |
| | |
| | |

## പദസൂര്യൻ പൂർത്തിയാക്കുക




**ഈ ആശയങ്ങൾ ഉൾപ്പെടുത്തി ഒരു കവിത എഴുതിനോക്കൂ.**


.................................................................................

.................................................................................

.................................................................................

.................................................................................






**എങ്ങനെ തയാറാക്കാം?**

ടീച്ചറോട് ചോദിക്കൂ.



“അവിടെയും എന്നും മഞ്ഞുകാലമാണോ?” - ഒരു കിളി ചോദിച്ചു.

“മഞ്ഞും മഴയും വേനലും മാറി മാറി വരുന്ന നാടാണ് കേരളം. ജൂൺ, ജൂലൈ മാസങ്ങൾ നല്ല മഴക്കാലം. ഡിസംബർ, ജനുവരി മഞ്ഞുകാലം. ഏപ്രിൽ, മെയ് വേനൽക്കാലം.” നാകമോഹൻ പറഞ്ഞു.

## കാലവും മാസവും

### ഞാൻ താമസിക്കുന്ന നാട്ടിലെ കാലാവസ്ഥ:

| കാലം | മാസം |
|---|---|
| മഞ്ഞുകാലം | ........................................ |
| ........................................ | ........................................ |
| ........................................ | ........................................ |
| ........................................ | ........................................ |
| ........................................ | ........................................ |
| ........................................ | ........................................ |

## എനിക്ക് കഴിയും

### എന്റെ പൂക്കാലം

**പൂക്കാലവുമായി ബന്ധപ്പെട്ട ഒരു അനുഭവക്കുറിപ്പ് തയാറാക്കൂ**



## വരികൾ കൂട്ടിച്ചേർക്കാം

വെളുവെളെയുള്ളൊരു മുല്ലപ്പൂ
മണമോലുന്നൊരു മുല്ലപ്പൂ

.......................................................................

.......................................................................

.......................................................................

.......................................................................

ഈ കവിതയ്ക്ക് ഒരു തലക്കെട്ട് നൽകൂ.

## പാടി രസിക്കാം

### എന്റെ കേരളം

പാടും പുഴകളും തോടും - മോടി
കൂടും മലരണിക്കാടും.
നീളേ കളകളം പാടും - കാട്ടു
ചോലയുമാമണി മേടും.
വെള്ളിയരഞ്ഞാണു പോലെ - ചുറ്റും
തുള്ളിക്കളിക്കും കടലും





കായലും നീല മലയും നീളെ
കോരിത്തരിക്കും വയലും.
പീലി നിവർത്തി നിന്നാടും - കൊച്ചു
കേര മരതകത്തോപ്പും
നീളേ കുളിരൊളി - തിങ്ങി
എന്റെ കേരളമെന്തൊരു ഭംഗി.

*- കോലഴി ഗോപാലകൃഷ്ണൻ*


## വായിച്ചു രസിക്കാം

### മഞ്ഞുകൊണ്ടൊരു പെൺകുട്ടി



ശൈത്യകാലം. തോരാതെ മഞ്ഞുപെയ്യുന്നു. പുറത്ത് കുട്ടികൾ മഞ്ഞുരുട്ടി പല രൂപങ്ങൾ ഉണ്ടാക്കുന്നു. ജനലിലൂടെ മുത്തശ്ശിക്ക് ആ കാഴ്ച കാണിച്ചുകൊടുത്തു കൊണ്ട് മുത്തശ്ശൻ പറഞ്ഞു.

"നമുക്കും അങ്ങോട്ടു പോയാലോ?"



മഞ്ഞുകട്ടകളിൽ തെന്നിവീഴാതെ അവർ മെല്ലെ കുട്ടിക ളുടെ അടുത്തെത്തി.

“മഞ്ഞുകൊണ്ടൊരു കൊച്ചുപെൺകുട്ടിയെ നമുക്കും ഉണ്ടാക്കാം.”

– മുത്തശ്ശൻ പറഞ്ഞു.



“ഇതാ ഇളം നീല മുത്തുകൾ.
ഇതുകൊണ്ട് കണ്ണുകളുണ്ടാക്കാം”

“കവിളിലെ നുണക്കുഴി ഞാനുണ്ടാക്കാം”

മക്കളില്ലാത്ത അവർക്ക് മുന്നിലതാ മഞ്ഞുകൊണ്ടൊരു പെൺകുട്ടി.




പെട്ടെന്ന് പെൺകുട്ടിയുടെ കൺപീലികൾ ചലിച്ചു. ചുണ്ടുകൾ വിടർന്നു. മുത്തശ്ശനെയും മുത്തശ്ശിയെയും നോക്കിച്ചിരിച്ചുകൊണ്ട് മഞ്ഞുപെൺകുട്ടി എഴുന്നേറ്റ് നിന്നു. മുത്തശ്ശി അവളുടെ നുണക്കുഴിക്കവിളിൽ ഉമ്മ നൽകി. മുത്തശ്ശൻ അവളുടെ സ്വർണ്ണത്തലമുടിയിലെ മഞ്ഞുകണങ്ങൾ തോർത്തി. മൂവരും കുടിലിലേക്ക് നടന്നു.



മഞ്ഞുകാലം മാറി. വസന്തകാലം വന്നു. ചെടികളും മരങ്ങളും പൂത്തുലഞ്ഞു. പൂമ്പാറ്റകളും തേൻകിളികളും പാറി നടന്നു. മഞ്ഞുപെൺകുട്ടി അതിവേഗം വളർന്നു.



കുടിലിൽ അവളുടെ പൊട്ടിച്ചിരികൾ ഉയർന്നു. മുത്തശ്ശനും മുത്തശ്ശിയും അവളുടെ സന്തോഷത്തിൽ പങ്കുചേർന്നു. അയൽപക്കത്തെ കുട്ടികൾ അവളെ കളിക്കാൻ വിളിച്ചെങ്കിലും അവൾ വീടുവിട്ടു പുറത്തേക്കിറങ്ങിയതേയില്ല.



വസന്തകാലം വേനൽക്കാലത്തിന് വഴിമാറി. മരങ്ങൾ ഇലപൊഴിച്ചു. ജലാശയങ്ങൾ വറ്റിവരണ്ടു. കത്തിക്കാളുന്ന വെയിലിൽ കളിച്ചു തിമിർത്ത കുട്ടികൾ അങ്ങിങ്ങായുള്ള പച്ചത്തണലിൽ വിയർപ്പാറ്റി.



മഞ്ഞുപെൺകുട്ടി വീട്ടിനകത്തു തന്നെ കതകടച്ചിരിന്നു. അവൾ കുട്ടികളുമായി കൂട്ടുകൂടാത്തത് വൃദ്ധ ദമ്പതികളെ ദുഃഖിപ്പിച്ചു.



അന്നും കുട്ടികൾ അവളെ ജനലിലൂടെ വിളിച്ചു. “ഞങ്ങൾ കാട്ടിലേക്കു പോകുന്നു. നീ വരുന്നോ?”

അവൾ പോകാൻ കൂട്ടാക്കിയില്ല. മുത്തശ്ശനും മുത്തശ്ശിയും നിർബന്ധിച്ച് അവളെ കുട്ടികളോടൊപ്പം അയച്ചു.



കാട്ടിലെത്തിയിട്ടും അവൾ കൂട്ടുകാർക്കൊപ്പം കളിച്ചില്ല. തണുപ്പുള്ള കാട്ടുചോലയിൽ തന്നെ കഴിച്ചുകൂട്ടി. കുട്ടികൾ ചുള്ളിക്കമ്പുകൾ കൂട്ടി തീയിട്ടു. അതിനുചുറ്റും പാട്ടുപാടി നൃത്തം വെച്ചു.



ഒരു കൂട്ടുകാരി മഞ്ഞുപെൺകുട്ടിയെ തീക്കുണ്ഡത്തിനടുത്തേക്ക് കൈപിടിച്ചുകൊണ്ടുവന്നു. തീയുടെ അടുത്തെത്തിയ അവൾ ഉറക്കെ നിലവിളിച്ചു.



കുട്ടികൾ അവളുടെ കൈ കോർത്ത് പിടിച്ച് തീക്കുണ്ഡത്തിനു ചുറ്റും ആടിത്തിമിർത്തു. പിന്നെ അവളെ ആരും കണ്ടിട്ടില്ല.

*അവലംബം:* റഷ്യൻ നാടോടിക്കഥ
(പുനരാഖ്യാനം)

# ദേശീയഗാനം

ജന-ഗണ-മന അധിനായക ജയഹേ
ഭാരത-ഭാഗ്യ-വിധാതാ,
പഞ്ചാബ്-സിന്ധു-ഗുജറാത്ത്-മറാഠാ
ദ്രാവിഡ-ഉത്കല-ബംഗാ,
വിന്ധ്യ-ഹിമാചല-യമുനാ-ഗംഗാ,
ഉച്ഛല-ജലധി-തരംഗാ,
തവ ശുഭ നാമേ ജാഗേ,
തവ ശുഭ ആശിഷ മാഗേ,
ഗാഹേ തവജയ ഗാഥാ,
ജന-ഗണ-മംഗല-ദായക-ജയഹേ
ഭാരത-ഭാഗ്യ-വിധാതാ.
ജയഹേ, ജയഹേ, ജയഹേ
ജയ ജയ ജയ ജയഹേ





# ഇന്ത്യൻ ഭരണഘടനയുടെ ആമുഖം

THE CONSTITUTION OF INDIA

നമ്മൾ ഇന്ത്യയിലെ ജനങ്ങൾ,
ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ,
മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി
സംവിധാനം ചെയ്യുന്നതിനും
ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും സാമൂഹികവും
സാമ്പത്തികവും രാഷ്ട്രീയവുമായ നീതി,
ചിന്ത, ആശയാവിഷ്കാരം, വിശ്വാസം,
മതനിഷ്ഠ, ആരാധന എന്നിവക്കുള്ള സ്വാതന്ത്ര്യം,
സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള
സമത്വംഎന്നിവ ഉറപ്പുവരുത്തുന്നതിനും
വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും
അഖണ്ഡതയും ഉറപ്പുവരുത്തുന്ന സാഹോദര്യം
എല്ലാവരിലും വളർത്തുന്നതിനും
ദൃഢനിശ്ചയം ചെയ്തുകൊണ്ട്
നമ്മുടെ ഭരണഘടനാസഭയിൽവച്ച്
ഇന്ന്, 1949 നവംബർ ഇരുപത്തിയാറാം തീയ്യതി
ഈ ഭരണഘടനയെ അംഗീകരിക്കുകയും
നിയമമാക്കുകയും നമുക്കായിതന്നെ
സമർപ്പിക്കുകയും ചെയ്യുന്നു.

www.mm.kerala.gov.in

Malayalam Mission App.

MALAYALAM MISSION

റേഡിയോ മലയാളം
www.radiomalayalam.in

http://learnmalayalam.in/


www.pookalam.kerala.gov.in

ഭൂമിമലയാളം
വാർത്താപത്രിക

https://www.facebook.com/MalayalamMissionKerala/
https://t.me/MalayalamMissionOfficial
https://twitter.com/MMKerala
https://www.youtube.com/c/MalayalamMission
https://www.youtube.com/Malayalam Mission Radio Malayalam